ഗൃഹഗ്രഹണം

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

ആദ്യമറിയുന്നതേതും

ആദ്യം സംഭവിക്കുന്നു.
ഇടിവാളോ ഇടിവെട്ടോ
വെളിച്ച വേഗത തെളിക്കുന്നു –
ധ്വനിയെന്നും കാലശേഷം!

വെട്ടിവീഴും മഴച്ചുഴിയിൽ
പച്ചപ്പുല്ലങ്കുരത്തിൽ
അക്ഷരക്കൂറു മുളയ്ക്കുന്നു –
തോരാത്ത തീരാരവം
മുദ്രാക്ഷര ശബ്ദലേഖിനി!

കരിഞ്ചേരയും വെള്ളാനിമൂർഖനും
പകൽ ഗ്രഹണത്തിലിണ.
ശഷ്പദല സുഷിരത്തിൽ സൂര്യകോടി
വെള്ളിനിഴലരിക്കുന്നു.
രാവേറിയെന്നോർത്ത് മരക്കൊമ്പിൽ
രാപ്പാടി മൌനവ്രതച്ചേക്കേറൽ.
വെൺത്തിളക്ക മറവിക്കൂരിരുട്ടിൽ
ഉഗ്രവിഷരശ്മിയിൽ നീർക്കോലി.

നേരം വെളുക്കുന്നു:
ബാലകാണ്ഡം അവതാര ലക്ഷണം
യുദ്ധകാണ്ഡം അറംപറ്റുന്ന ലക്ഷ്യം
ഉത്തരകാണ്ഡം അതിരില്ലാ നാമിനാമം.

തോട്ടക്കാരൻ തോട്ടയുതിർക്കും:
പൊറുതി മുട്ടോളം
പൊരുതി നോക്കുക

പരുവത്തിലാക്കുക
പൊരുത്ത ലക്ഷണപ്പൊരുളും
പൊരുത്തക്കേടിൻ കെടുതിയും
ഉറിയിലൂറുന്ന നവനീതിന്യായം!
****